## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6671** **09-11-2016-ൽ മറുപടിയ്ക്ക്**

**<u>കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ</u>**

| | ചോദ്യം<br><br>ശ്രീ.കെ.കുഞ്ഞിരാമൻ | | മറുപടി<br><br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.എഫ്.ഇ. പുതുതായി എത്ര ബ്രാഞ്ചുകൾ ആരംഭിച്ചിരുന്നു; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.എഫ്.ഇ. പുതുതായി 218 ബ്രാഞ്ചുകൾ (ബ്രാഞ്ചുകളുടെ പേരുവിവരം അനുബന്ധം - I ആയി ചേർക്കുന്നു.) തുടങ്ങുവാൻ തീരുമാനിച്ചിരുന്നു. ഇതിൽ നീണ്ടൂർ, മരങ്ങാട്ടുപ്പിള്ളി, വേങ്ങൂർ, പൈങ്ങാട്ടൂർ, മൂവാറ്റുപുഴ (ഈവനിംഗ്), ദേശമംഗലം, പഴയന്നൂർ, തച്ചംപാറ, കുറ്റിക്കോൽ എന്നീ 9 ബ്രാഞ്ചുകളുടെ പ്രവർത്തനം പൂർണ രൂപത്തിലായിട്ടില്ല. പ്രസ്തുത 9 ശാഖകൾ ആരംഭിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങളും മറ്റും സ്വീകരിച്ചുവരുന്നു |
| (ബി) | പ്രസ്തുത ബ്രാഞ്ചുകളിൽ കാസർഗോഡ് ജില്ലയിൽ എത്ര എണ്ണമാണ് ആരംഭിച്ചത്; ഇവ ഓരോന്നും എവിടെയാണ് പ്രവർത്തിക്കുന്നതെന്നും ആരുടെയൊക്കെ ബിൽഡിങ്ങുകളിലാണ് പ്രവർത്തിക്കുന്നതെന്നും വാടകയിനത്തിൽ ഓരോ ബ്രാഞ്ചിനും മാസം തോറും എത്ര രൂപ കൊടുക്കേണ്ടി വരുന്നുണ്ടെന്നും വിശദമാക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിൽ 6 ബ്രാഞ്ചുകളാണ് ആരംഭിച്ചത്. അവ പ്രവർത്തിക്കുന്ന സ്ഥലങ്ങൾ താഴെ പറയുന്നവയാണ്.<br><br>1. മാലക്കല്ല്<br>2. ബദിയടുക്ക<br>3. കാസർകോട് II<br>4. വെള്ളരിക്കുണ്ട്<br>5. ഹോസ്ദുർഗ്ഗ്<br>6. കുറ്റിക്കോൽ<br><br>ബ്രാഞ്ചുകൾ പ്രവർത്തിക്കുന്ന ബിൽഡിംഗുകളുടെ ഉടമസ്ഥരുടെ പേരുവിവരവും വാടക തുക സംബന്ധിച്ച വിവരങ്ങളും അനുബന്ധം - II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ... ലഭ്യമാണ്